കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC)
CIN: U74900KL2016SGC040120
www.keralapottery.org

# മൺകല കമ്പോസ്റ്റ് പാത്രങ്ങൾ വിതരണം ചെയ്യുന്നതിന് താൽപര്യപത്രം ക്ഷണിക്കുന്നു.

---

KSPMMWDC/31/2019 **തിരുവനന്തപുരം** dtd **22/02/2021**

കേരള സംസ്ഥാനത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മൺകല കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൺകല കമ്പോസ്റ്റ്പാത്രം വിതരണം ചെയ്യുന്നതിനു സർവ്വീസ് പ്രൊവൈഡറായി കോർപ്പറഷനെ നിശ്ചയിച്ചു കൊണ്ട് കേരള ശുചിത്വമിഷൻ ഉത്തരവായിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിന് കോർപ്പറേഷൻ നൽകുന്ന നിർദ്ദേശപ്രകാരം നിശ്ചിത അളവിലുള്ള മൺകല കമ്പോസ്റ്റ് പാത്രം (മുച്ചട്ടി) വിതരണം ചെയ്യുന്നതിന് മൺപാത്ര നിർമ്മാതാക്കളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചുകൊള്ളുന്നു.

കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ഇതോടൊപ്പമുള്ള താൽപര്യപത്രം പൂരിപ്പിച്ച് 5/03/2021 ന് മുൻപ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ അയച്ചുതരേണ്ടതാണ്.

അംഗീകരിക്കുന്ന താൽപര്യപത്രം സമർപ്പിച്ച വ്യക്തികൾ/സ്ഥാപനങ്ങൾ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

<u>പൊതു വ്യവസ്ഥകൾ</u>

1. ഓരോ നിർമ്മാതാക്കളും അവർക്ക് സപ്ലൈ ചെയ്യാൻ സാധിക്കുന്ന മൺകല കമ്പോസ്റ്റ് പാത്രത്തിന്റെ അളവും അടിസ്ഥാന വിലയും(**ഉൽപാദകന്റെ ജില്ലയ്ക്കകത്ത് വിതരണം ചെയ്യുന്നതിനുള്ള ഗതാഗതച്ചെലവ് ഉൾപ്പെടെ**)രേഖപ്പെടുത്തിയ താൽപര്യ പത്രം ലഭ്യമാക്കേണ്ടതാണ്.
2. കോർപ്പറേഷനിൽ നിന്നും നൽകുന്ന ഇന്റൻഡ് പ്രകാരം മൺകല കമ്പോസ്റ്റ് പാത്രങ്ങൾ കേടുപാടുകൾ കൂടാതെ ഉപഭോക്താവിന് എത്തിച്ചു നൽകണം.
3. ഉപഭോക്താവ് ഉൽപ്പന്നങ്ങൾ കൈപ്പറ്റി എന്ന് ഒപ്പിട്ട രേഖ കോർപ്പറേഷനിൽ ഹാജരാക്കുന്നതനുസരിച്ച് ഉൽപാദകന് അംഗീകരിക്കപ്പെട്ട വില കോർപ്പറേഷൻ നേരിട്ട് നൽകുന്നതാണ്
4. കോർപ്പറേഷൻ ഉപഭോക്താവിന്/ഏജൻസിക്ക് ബില്ല് നൽകി വില ഈടാക്കുന്നതാണ്.
5. ഉൽപ്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടേഷൻ സമയത്തുണ്ടാകുന്ന കേടുപാടുകൾക്ക് ഉൽപാദകൻ മാത്രമായിരിക്കും ഉത്തരവാദി.

മേൽ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് തയ്യാറാകുന്ന ഉൽപാദകരുടെ യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുന്ന വ്യക്തി/സ്ഥാപനത്തിന് കോർപ്പറേഷന് അടുത്ത രണ്ട് വർഷത്തേക്ക് ലഭിക്കുന്ന ഓർഡറുകൾ അനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കും. ഇത്തരത്തിൽ ലിസ്റ്റ് ചെയ്യപ്പെടുന്ന ഉൽപാദകർ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടണം.

നിശ്ചിത തീയതിക്ക് മുൻപ് താൽപര്യപത്രം, <u>**മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, അയ്യങ്കാളി ഭവൻ, രണ്ടാം നില, കനകനഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.**</u>

മാനേജിംഗ് ഡയറക്ടർ